**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6068** **09-11-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (എ) | 05/04/2018-ലെ സ.ഉ.(കൈ) നം.17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യമൃഗ ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകി വരുന്നത്. വന്യമൃഗ ആക്രമണം മൂലം മരണമടയുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. 17/12/2015-ലെ സ.ഉ(സാധാ) 104/2015/വനം ഉത്തരവ് പ്രകാരം മരണപ്പെടുന്ന വ്യക്തികളുടെ അനന്തരാവകാശികൾ മരണം നടന്ന് ഒരു വർഷത്തിനകം നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / റെയിഞ്ച് ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ മേൽ സർക്കാർ ഉത്തരവിലെ ചട്ടം 5 (എ) പരിഗണിക്കേണ്ടതാണ്. റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / റെയിഞ്ച് ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50% മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകി വരുന്നു. ബാക്കി തുക അനന്തരവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണ്. ചട്ടം 5 (എ) പ്രകാരം വന്യമൃഗ |

| | | | |
|---|---|---|---|
| | | | ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികൾ, വന്യജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ